**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2022 ആഗസ്റ്റ് 23, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1(*1) കേസുകളിലെ സാക്ഷികൾ കൂറുമാറുന്നത് തടയാൻ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, അട്ടപ്പാടി മധു വധക്കേസിന്റെ വിചാരണ വേളയിൽ കേസിലെ ചില സാക്ഷികൾ കൂറുമാറിയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ടി സാക്ഷികളെ വീണ്ടും വിചാരണ നടത്തുന്നതിന് മണ്ണാർക്കാട്, പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള പ്രത്യേക കോടതിയെ സമീപിക്കുന്നതാണെന്നും സഭയെ അറിയിച്ചു. സാക്ഷികളെ

സ്വാധീനിക്കുന്നതിന് ശ്രമം നടത്തുന്നതായി പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർ ബഹു. കോടതി മുമ്പാകെ ബോധ്യപ്പെടുത്തിയതിന്റെയടിസ്ഥാനത്തിൽ ടി കേസിലെ 12 പ്രതികളുടെ ജാമ്യം റദ്ദാക്കുകയും പ്രോസിക്യൂഷനെതിരെ മൊഴി നൽകിയതിനെത്തുടർന്ന് വനം വകുപ്പിലെ മൂന്ന് താൽക്കാലിക വാച്ചർമാരെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. മധുവധക്കേസ് അന്വേഷണത്തിൽ വീഴ്ചയുണ്ടായിട്ടില്ലെന്നും മധുവിന്റെ മാതാവിനെ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസിൽ അഗളി പോലീസ് പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം അന്വേഷണം നടത്തിവരുന്നതായും മുഖ്യമന്ത്രി അറിയിച്ചു. അഗളി ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ 'വിറ്റ്നസ് പ്രൊട്ടക്ഷൻ സെൽ' രൂപീകരിച്ച് സാക്ഷികൾക്കും പ്രോസിക്യൂഷൻ വിഭാഗത്തിനും ആവശ്യമായ സഹായം നൽകിവരുന്നുണ്ടെന്നും പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രോസിക്യൂട്ടർമാർക്ക് അലവൻസും മറ്റ് സൗകര്യങ്ങളും യഥാസമയം ലഭ്യമാകുന്നില്ലെന്ന പ്രശ്നം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2(*2) സിൽവർലൈൻ പദ്ധതി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സിൽവർലൈൻ പദ്ധതിയുടെ ഭാഗമായ സാമൂഹികാഘാത പഠനത്തിന്റെ സർവ്വേയ്ക്കായി കല്ലിടുന്നതിനോടൊപ്പം ജിയോടാഗിംഗ് അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വീടുകൾ, മരങ്ങൾ, മതിലുകൾ മുതലായവയിൽ അടയാളം രേഖപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നതായും സാമൂഹികാഘാതപഠനം പൂർത്തീകരിക്കാൻ കഴിയാത്ത ഏജൻസികൾക്ക് അവ പൂർത്തിയാക്കാൻ കാലാവധി നീട്ടി നൽകുന്ന കാര്യം പരിശോധിക്കുമെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നമുണ്ടാക്കുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്തവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ പിൻവലിക്കുന്ന കാര്യം പരിഗണനയിലില്ലെന്നും സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അർദ്ധ അതിവേഗ റെയിൽ സംസ്ഥാന വികസനത്തിനാവശ്യമാണെന്നും അതിനായി നിർമ്മിക്കേണ്ടിവരുന്ന സ്റ്റാൻഡേർഡ് ഗേജ് പാതകൾ കാരണം പാരിസ്ഥിതികാഘാതം ഉണ്ടാകില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3(*3) ഐ.ടി. മേഖലയിലെ വികസനം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, ഐ.ടി. മേഖലയിലെ വികസനത്തിനായി പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും കഴിഞ്ഞ സർക്കാർ ആരംഭിച്ച പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നതെന്നും വിവര സാങ്കേതിക വ്യവസായവും അനുബന്ധ മേഖലകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വ്യവസായ വികസനം ലക്ഷ്യമാക്കി വിവരസാങ്കേതിക വിദ്യാനയം രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാന ഐ.ടി മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈപവർ ഐ.ടി. കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും നിലവിൽ നടന്നുവരുന്നതും സമീപ ഭാവിയിലേയ്ക്ക് വിഭാവനം ചെയ്തിരിക്കുന്നതുമായ ഐ.ടി. അടിസ്ഥാന വികസനം രാജ്യത്തെ രണ്ടാംനിര നഗരങ്ങളുടെ ശ്രേണിയിലേയ്ക്ക് തലസ്ഥാനത്തെ ഉയർത്തുന്നതിനും ആഗോള കമ്പനികളുടെയും ഉപസംരംഭകരുടെയും ശ്രദ്ധയാകർഷിക്കുന്നതിനും സഹായിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പുതിയ കമ്പനികളെയും സംരംഭകരെയും ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യങ്ങൾ KSITIL

സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളുടെ വിപുലീകരണാർത്ഥം അടുത്ത പത്തു വർഷത്തിനകം തിരുവനന്തപുരം ടെക്നോപാർക്കിലെ ഒന്നു മുതൽ നാലാം ഘട്ടം വരെയുള്ള പദ്ധതികളിലായി 25 ദശലക്ഷം ച. അടി കെട്ടിടം നിർമ്മിക്കുവാനും 10 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്. ദേശീയപാത 66-ന് സമാന്തരമായി 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ 4 ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുവാനും 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഉദ്ദേശിക്കുന്നുണ്ടെന്നും ദേശീയപാത 66-ന് സമാന്തരമായി അനുയോജ്യമായ സ്ഥലങ്ങളിൽ ഐ. ടി. പാർക്കുകൾ ആരംഭിക്കുന്നതിന് കിഫ്ബിയിൽ നിന്ന് പണം വകയിരുത്തുമെന്നും കഴിഞ്ഞ ആറുവർഷക്കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 46.47 ലക്ഷം ച. അടി ഐ. ടി. സ്പേസ് നിർമ്മിക്കുകയും 45869 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും സ്റ്റാർട്ടപ്പുകൾ ഐ.ടി. ഇതര മേഖലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും 2026-ഓടെ സംസ്ഥാനത്ത് 15000 സ്റ്റാർട്ടപ്പുകൾ തുടങ്ങുവാനും 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ലക്ഷ്യമിടുന്നതെന്നും അറിയിച്ചു. പാലക്കാട് ജില്ലയിൽ ഐ.ടി. പാർക്ക് തുടങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കുമെന്നും കുണ്ടറ ഐ.ടി.

പാർക്കിലേയ്ക്ക് യാത്രാസൗകര്യമൊരുക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമെന്നും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് കൊച്ചി സ്മാർട്ട് സിറ്റിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

4(*4) <u>കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണം</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കുട്ടികൾക്കെതിരെയുള്ള സൈബർ അതിക്രമങ്ങൾ തടയുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ, സ്കൂൾ മേധാവി, ഐ.ടി. അദ്ധ്യാപകർ എന്നിവരുടെ മേൽനോട്ടത്തിൽ സ്കൂൾ തലത്തിൽ സൈബർ സെക്യൂരിറ്റി ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായി സഭയെ അറിയിച്ചു. മാനസിക സംഘർഷമനുഭവിക്കുന്ന കുട്ടികൾക്ക് യഥാസമയം കൗൺസിലിംഗ് നൽകുന്നതിന് വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളെ സംയോജിപ്പിച്ച് Convergence മീറ്റിംഗുകൾ നടത്തി കാലാനുസൃതമായ പദ്ധതികളും ഡിജിറ്റൽ ഉപകരണങ്ങളുടെയും ഇന്റർനെറ്റിന്റെയും ദുരുപയോഗം തടയുന്നതിനായി 'ചിരി' ഹെൽപ്പ് ലൈൻ, ജില്ലാ Children & Police (CAP)

കോ-ഓർഡിനേഷൻ സെന്ററുകൾ, പ്രോജക്ട് ഹോപ്പ് തുടങ്ങിയ പദ്ധതികളും കേരളാ പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം നടപ്പിലാക്കിവരുന്നു. സ്കൂൾ കുട്ടികൾക്കായി സൈബർ ഡോമിന്റെ നേതൃത്വത്തിൽ ദേശീയ, അന്തർദേശീയ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് 'കൂട്ട്', 'കിഡ് ഗ്ലോവ്' പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖാന്തരം Internet addiction, Game Addiction, ഓൺലൈൻ ദുരുപയോഗം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ടെന്നും ഇന്റർനെറ്റിന്റെ ദുരുപയോഗവും നിയമ/സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും തടയുന്നതിനായി ഡിജിറ്റൽ ഡി - അഡിക്ഷൻ സെന്റർ (D-DAD) ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും വ്യക്തമാക്കി. UNICEF-ന്റെ സഹായത്തോടുകൂടി ഡീ -സേഫ് (Digital Safety) എന്ന സഹായ ഗ്രന്ഥം തയ്യാറാക്കി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ രക്ഷകർത്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിദഗ്ധ പരിശീലനം നൽകുന്നതിനുമായി ജില്ലാ റിസോഴ്സ് സെന്റർ രൂപീകരിച്ചതായും അറിയിച്ചു. വനിത ശിശു വികസന

വകുപ്പ് നടപ്പാക്കുന്ന പാരന്റിംഗ് ക്ലിനിക്കുകൾ, ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി (ഒ.ആർ.സി.), തുടങ്ങിയവയിലൂടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകിവരുന്നുണ്ടെന്നും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി ഒരു മൊബൈൽ ആപ്പ് (കുഞ്ഞാപ്പ്) ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സോഷ്യൽ മീഡിയ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

5(*5) <u>ക്രമസമാധാനപാലനം കാര്യക്ഷമമാക്കൽ</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്നും സംസ്ഥാനത്തെ ക്രമസമാധാനപാലനം കാര്യക്ഷമമാക്കുന്നതിന് നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ മേഖലകളിൽ പരിശീലനം നൽകിയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും E-Chalan, M-Beat തുടങ്ങിയ സംവിധാനങ്ങളിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനങ്ങളിലെയും

പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS പദ്ധതിയും പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് “തുണ” സിറ്റിസൺ പോർട്ടൽ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കുറ്റവാളികളെയും കുറ്റങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ്‌വെയറുകളെ 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി പൊതുവായൊരു സോഫ്റ്റ്‌വെയറിന്റെ കീഴിൽ കൊണ്ടുവരുന്നതിനായി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തെ 12 ജില്ലകളിൽ ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികളും തെരഞ്ഞെടുക്കപ്പെട്ട പോലീസ് ജില്ലകളിൽ Automated Number Plate Recognition Camera (ANPR)-കളും CCTV Surveillance System-ഉം സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനുമായി Integrated Digital Traffic Enforcement System (IDTES) നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും Kerala Anti Narcotic Special Action Force (KANSAF)-നുവേണ്ടി സ്ക്രീൻ ടെസ്റ്റ് ഡിവൈസുകൾ വാങ്ങി നൽകിയിട്ടുണ്ടെന്നും അറിയിച്ചു. അന്യസംസ്ഥാന തൊഴിലാളികളെ

സംബന്ധിച്ച വിവരശേഖരണത്തിനായി 'അതിഥി പോർട്ടൽ' രൂപീകരിക്കുകയും അവരുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് "ആവാസ്" ഇൻഷ്വറൻസ് പദ്ധതിയ്ക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് 'ഗസ്റ്റ് ആപ്പ് "എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ടെന്നും അന്തർസംസ്ഥാന തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്നതിന് കരാറുകാർക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത തൊഴിലാളികളുടെ തിരിച്ചറിയൽ/ആധാർ കാർഡിന്റെ പകർപ്പ്, താമസിക്കുന്ന സ്ഥലത്തിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയ Migrant Labours Register പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നുണ്ടെന്നും ടി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം മനസിലാക്കുന്നതിന് Inter-operable Criminal Justice System (ICJS), CCTNS തുടങ്ങിയ സംവിധാനങ്ങൾ നിലവിലുണ്ടെന്നും ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നിരീക്ഷണം നടത്തുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.